(ബി) കമാറുകാമൻ കോടതിയിൽ നിന്നും സമ്പാദിച്ച ഒരു വിധിയുടെ പശ്ചാത്തലത്തിൽ ടിയാനെകൊണ്ടു തന്നെ പാലത്തിന്റെ പണികൾ തുടരുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

പെരുവ-പിറവം-പെരുവംമുഴി-വളയംചിറങ്ങര റോഡ് പണി

154 (2254) ശ്രീ. എം. ജെ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് മുവാറ്റുപുഴ ഡിവിഷന്റെ കീഴിൽ വരുന്ന പെരുവ-പിറവം-പെരുവംമുഴി-വളയം ചിറര റോഡിന് 15 കോടി രൂപയുടെ പദ്ധതി ടെണ്ടർ നടപടികൾ അടക്കം പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെയും പണികൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പണികൾ ആരംഭിക്കുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുവാറ്റുപുഴ ഡിവിഷന്റെ കീഴിൽ വരുന്ന പെരുവ-പിറവം-പെരുവംമുഴി-വളയംചിറങ്ങര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി P.T. Mathai & Co. യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. ടി പ്രവൃത്തി ആരംഭിക്കുന്നതിനായി ഇൻഷ്യൽ ലെവൽസ് എടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) പെരുവ-പിറവം-പെരുവംമുഴി പലമ്പൂർ വളയംചിറങ്ങര ചീരക്കുഴി റോഡിന്റെ (30.03 കി.മീ) അഭിവൃദ്ധിപ്പെടുത്തലും വളപ്പിൽ പാലത്തിന്റെ പുനർനിർമ്മാണവുമാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടിയായ ഇൻഷ്യൽ ലെവൽസ് എടുത്തുകൊണ്ടിരിക്കുന്നു.

റോഡിന്റെ ഉപരിതലത്തിലുള്ള കുഴികൾ അടയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

അഞ്ചൽപെട്ടി -മുവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

155 (2255) ശ്രീ. എം. ജെ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് മുവാറ്റുപുഴ ഡിവിഷന്റെ കീഴിൽവരുന്ന അഞ്ചൽപ്പെട്ടി-മുവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ടെണ്ടർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടക്കമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പണികൾ പുരോഗമിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെ പ്രവൃത്തികൾ ആണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ബി.എം. & ബി.സി. ചെയ്യുവാൻ എന്തുകൊണ്ട് താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തുടർച്ചയായ കനത്ത മഴമൂലമാണ് അഞ്ചൽപ്പെട്ടി-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ മന്ദഗതിയിൽ നീങ്ങുന്നത്. ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി. റോഡിന്റെ കി.മീറ്റർ 7/000 മുതൽ 13/700 വരെ (6.70 കി.മീറ്റർ) യുള്ള ഉപരിതലം ബി.എം.ആന്റ് ബി.സി യായി രൂപപ്പെടുത്തുക, കൾവർട്ടുകളും ഡ്രെയിനും പണിയുക മുതലായവയാണ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ

(സി) മഴമൂലം പ്രവൃത്തി (ബി.എം. ആന്റ് ബി.സി)* തുടങ്ങുവാൻ സാധിച്ചിട്ടില്ല. രണ്ടാഴ്ചയ്ക്കകം ബി.എം.ആന്റ് ബി.സി. ആരംഭിക്കുന്നതാണ്.

ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ റോഡുകൾ റിപ്പെയർ ചെയ്യുന്നതിന് നടപടികൾ

156 (2256) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതികൾമൂലം തകരാറിലായ ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളാണ് ഇപ്രകാരം പുനരുദ്ധാരണം നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്;

(സി) ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. ഏഴ് റോഡുകളുടെ പുനരുദ്ധാരണം നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ഇതോടൊപ്പം സമർപ്പിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്